ഉത്തരം

(എ&ബി) വാട്ടർ കണക്ഷൻ കൊടുക്കുമ്പോൾ വെള്ളത്തിന്റെ ഉപയോഗത്തിന്റെ അളവ് കുറിക്കുന്നതിനുള്ള ഒരു കാർഡ് ഉപഭോക്താക്കളെ ഏൽപ്പിക്കുന്നുണ്ട്. മീറ്റർ റീഡിംഗ് എടുക്കുമ്പോഴൊക്കെ കുറിച്ചു കൊടുക്കാനുള്ള കാർഡ് ആണിത്. ഈ കാർഡ് നൽകുന്ന ഉപഭോക്താക്കളുടെ വീട്ടിലെ മീറ്റർ റീഡിംഗ് എടുക്കുന്നത് കുറിച്ച് കൊടുക്കാറുണ്ട്. ഈ കാർഡ് ലഭിക്കാതിരിക്കുന്ന അവസരങ്ങളിൽ റീഡിംഗ് കുറിച്ച് കൊടുക്കുവാൻ സാധിക്കുകയില്ല.

(സി) ഇല്ല.

(ഡി) പ്രവർത്തനരഹിതമായ മീറ്ററുകൾ ഉള്ള വീടുകളിലാണ് ഇത് സംഭവിക്കുന്നത്. പ്രവർത്തനരഹിതമായവ മാറ്റി പകരം പുതിയവ ഘടിപ്പിച്ച ശേഷം എടുക്കുന്ന രണ്ട് റീഡിംഗുകളനുസരിച്ചുള്ള ശരാശരി അളവ് മുൻകാലങ്ങളിലേതിനേക്കാൾ കൂടുതലാണെങ്കിൽ വർദ്ധിച്ച ഉപയോഗം അനുസരിച്ച് വെള്ളക്കരം കണക്കാക്കി കുടിശ്ശിക ബില്ല് നൽകാറുണ്ട്. എന്നാൽ വെള്ളത്തിന്റെ ഉപയോഗം മുൻകാലങ്ങളിലേതിനേക്കാൾ കുറവായി വന്നാൽ കുറവുള്ള കൺസംപ്ഷൻ അനുസരിച്ച് വെള്ളക്കരം കണക്കാക്കി കൂടുതലായി അടച്ച തുകയിൽ അഡ്ജസ്റ്റ് ചെയ്തു കൊടുക്കുകയും ചെയ്യും.

(ഇ) ഈ സാമ്പത്തിക വർഷം ഇതുവരെ 51364 ബില്ലുകൾ നൽകിയിട്ടുണ്ട്.

(എഫ്) ഈ ബില്ലുകളിലൂടെ 22,79,97,714 രൂപയാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്.

കുടിവെള്ളം വിതരണത്തിനായി സ്വീകരിച്ച നടപടികൾ

92 (984) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വേനൽക്കാലത്തുണ്ടാകാറുള്ള കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ കുടിവെള്ളം വിതരണത്തിനായി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി ഈ വർഷം ഗവൺമെന്റിന് എന്തു ചെലവ് വേണ്ടി വരുമെന്ന് പറയാമോ ; ഇതിൻപ്രകാരം ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ജലക്ഷാമം അനുഭവപ്പെടുന്ന സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ കുടിവെള്ളവിതരണം നടത്താൻവേണ്ട തുടർ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സാങ്കേതികമായി സാദ്ധ്യമാണെങ്കിൽ കുഴൽകിണർ കുഴിച്ചും വിതരണശൃംഖല നീട്ടിയും അഡീഷണൽ പമ്പിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയും, വാൽവുകൾ ക്രമീകരിച്ചും കേടുവന്ന പമ്പുസെറ്റുകൾ നന്നാക്കിയും, പുതിയ പമ്പുസെറ്റുകൾ വാങ്ങിയും വിതരണശൃംഖലയിലെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തിയും ഒരുപരിധിവരെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചിലയിടങ്ങളിൽ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസഫണ്ട് ഉപയോഗപ്പെടുത്തി നിലവിലുള്ള കിണറുകളുടെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും കാലഹരണപ്പെട്ട പൈപ്പ്‌ലൈൻ മാറ്റി സ്ഥാപിക്കുന്നതിനും കുടിവെള്ളക്ഷാമം രൂക്ഷമായ സ്ഥലങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പാരമ്പര്യജലസ്രോതസ്സുകൾ അഭിവൃദ്ധിപ്പെടുത്താനായി 15 തടയണകൾക്ക് രൂപം നൽകുകയും അതിൽ 7 തടയണ പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തു. (ഇടുക്കി ജില്ലയിൽ 5 എണ്ണവും മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ ഓരോന്നുവീതവും) ഈ സ്കീമിന്റെ കീഴിൽ മഴവെള്ളക്കൊയ്ത്ത്, പദ്ധതിപ്രകാരം കുടിവെള്ള വിതരണത്തിനായി എറണാകുളം ജില്ലയിലെ 6 പഞ്ചായത്തുകളിലെ 132 യൂണിറ്റുകളും കോട്ടയം ജില്ലയിൽ 1 യൂണിറ്റും, ആലപ്പുഴ ജില്ലയിൽ 10 യൂണിറ്റുകളും നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ, 'വർഷ' പദ്ധതിയിൽ 30 പഞ്ചായത്തുകളിൽ മഴവെള്ളം ശേഖരിച്ച് കുടിവെള്ള വിതരണത്തിനായി മൊത്തം 623 യൂണിറ്റുകളിൽ 170 യൂണിറ്റുകൾ പൂർത്തീകരിച്ചു.

(ബി) ഈ വർഷം വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി വേണ്ടിവരുമെന്നു കണക്കാക്കിയ തുക ഇനിപറയും പ്രകാരമാണ്.

തിരുവനന്തപുരം	–	1 കോടി 70 ലക്ഷം രൂപ
കൊല്ലം	–	46.5 ലക്ഷം ,,
പത്തനംതിട്ട	–	31.24 ലക്ഷം ,,
കോട്ടയം	–	33.09 ലക്ഷം ,,
ആലപ്പുഴ	–	208.48 ലക്ഷം ,,
എറണാകുളം	–	100 ലക്ഷം ,,
തൃശ്ശൂർ	–	88.09 ലക്ഷം ,,
പാലക്കാട്	–	14.05 ലക്ഷം ,,
മലപ്പുറം	–	10.3 ലക്ഷം രൂപ
കോഴിക്കോട്	–	8.8 ലക്ഷം ,,
വയനാട്	–	75.97 ലക്ഷം ,,
കണ്ണൂർ	–	9.5 ലക്ഷം ,,

(സി) നടപടികൾ സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly